# തിരുവനന്തപുരം അതിരൂപത ഗസറ്റ്

No. 0015/2019/PL Dated: 16-09-2019

ദൈവത്തിനു സ്തുതി! ദൈവജനത്തിനു സമാധാനം!

വന്ദ്യ വൈദികരേ, പ്രിയമക്കളേ,

നമ്മുടെ അതിരൂപതയെ സംബന്ധിച്ചിടത്തോളം ഒക്ടോബർ മാസം ഏറെ പ്രത്യേകതയുള്ളതാണ്. നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാളാഘോഷത്തോടുകൂടി ആരംഭിക്കുന്ന ഈ മാസം സാർവ്വത്രികസഭയോടൊപ്പം നാം ജപമാലമാസമായി ആചരിക്കുന്നു. പ്രേഷിതപ്രവർത്തനങ്ങൾക്ക് മുൻതൂക്കം നല്കിക്കൊണ്ട് മിഷൻ ഞായറാഴ്ച ആചരിക്കുകയും പ്രേഷിതപ്രവർത്തനങ്ങൾക്കായി ഉദാരമായ സംഭാവനകൾ നല്കുകയും ചെയ്യുന്ന ഒരു മാസംകൂടിയാണിത്. മരിയസൈന്യം പോലുള്ള ഭക്തസംഘടനകളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ജപമാല റാലിയോടുകൂടിയാണ് നാം ഈ മാസത്തെ ആഘോഷങ്ങൾക്ക് സമാപനം കുറിക്കുന്നത്.

I. 2019-ലെ ഒക്ടോബർ മാസത്തിന് ഒരു സവിശേഷതകൂടിയുണ്ട്. ഈ മാസത്തെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ അസാധാരണ പ്രേഷിതമാസമായി പ്രഖ്യാപിക്കുകയും പ്രേഷിത ചൈതന്യം ആഴമാക്കുന്ന വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാൻ ആവശ്യപ്പെട്ടിരിക്കുകയുമാണ്. നൂറു കൊല്ലങ്ങൾക്കുമുൻപ് 1919-ൽ ബനഡിക്ട് 15-ാമൻ പാപ്പാ പ്രേഷിത ദൗത്യത്തെക്കുറിച്ച് പ്രസിദ്ധീകരിച്ച ചാക്രികലേഖനത്തിന്റെ (Maximum Illud) ശതാബ്ദി അനുസ്മരണമാണ് ഈ അസാധാരണ പ്രേഷിതമാസാചരണത്തിന്റെ പശ്ചാത്തലം.

നൂറുകൊല്ലങ്ങൾക്ക് മുമ്പ് ഒന്നാം ലോകമഹായുദ്ധത്തിന്റെ ഭീകരമായ കെടുതികളിൽനിന്ന് ഉയിർത്തെഴുന്നേൽക്കാൻ ലോകജനതയെ സഹായിക്കാനുള്ള സഭയുടെ ദൗത്യം തിരിച്ചറിഞ്ഞാണ് ബനഡിക്ട് 15-ാമൻ പാപ്പ പ്രേഷിത ദൗത്യത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള തന്റെ ചാക്രികലേഖനം പുറപ്പെടുവിച്ചത്.

ഇപ്രകാരം കഴിഞ്ഞകൊല്ലം ശേഖരിച്ച തുകയിൽ അൻപത്തിനാല് ലക്ഷം രൂപ (54,00,000/) റോമിലെ വിവിധ തിരുസംഘങ്ങൾക്ക് അയച്ചുകൊടുത്തു. അഞ്ച് ലക്ഷത്തി എൺപത്തേഴായിരത്തി തൊള്ളായിരത്തി അറുപത്തിയെട്ട് രൂപ (5,87,968/) ഭാരതത്തിലെയും കേരളത്തിലെയും വിവിധ മെത്രാൻ സമിതികളുടെ ശുശ്രൂഷയ്ക്കായി നല്കി. ബാക്കിയുള്ള എഴുപത്തിയാറുലക്ഷത്തി എഴുപത്തിനാലായിരത്തി തൊള്ളായിരത്തി അൻപത്തിയഞ്ചു (76,74,955/) രൂപയിൽ അൻപത്തിയൊന്നു ലക്ഷത്തി ആറായിരം രൂപ (51,06,000/) ഇതിനകംതന്നെ വിവിധ മിഷൻ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പുതുതായി പണിത ദൈവാലയങ്ങളുടെ പൂർത്തീകരണത്തിനായും നല്കുകയുണ്ടായി. ബാക്കിയുള്ള ഇരുപത്തിയഞ്ചുലക്ഷത്തി തൊണ്ണൂറ്റൊന്നായിരത്തി അറുന്നൂറ്റി നാല്പ്പത്തിയഞ്ചു രൂപ (25,91,645/) വിവിധ ആവശ്യങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്.

അസാധാരണ പ്രേഷിതമാസാചരണത്തിനായുള്ള ഫ്രാൻസിസ് പാപ്പായുടെ ഈ ആഹ്വാനം പുതിയൊരു പ്രേഷിത മുന്നേറ്റത്തിനു തുടക്കം കുറിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. പ്രേഷിതപ്രവർത്തനങ്ങളെ ഫലദായകമാക്കുന്ന പരിശുദ്ധാത്മാവ് നമ്മുടെ എല്ലാ പ്രേഷിത സംരംഭങ്ങളെയും നയിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുമാറാകട്ടെ. പ്രേഷിത രാജ്ഞിയായ നമ്മുടെ സ്വർഗ്ഗീയ മാതാവിന്റെ സഹായവും നമുക്ക് അപേക്ഷിക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

സ്നേഹത്തോടെ,

വെള്ളയമ്പലം
11.09.2019

**† സൂസപാക്യം എം.**
തിരു.മെത്രാപ്പോലീത്ത

***NB: ഈ വിജ്ഞാപനം 2019 സെപ്റ്റംബർ 22 ഞായറാഴ്ച ദിവ്യബലിയുടെ അവസാനം വായിച്ചു വിശദീകരിക്കേണ്ടതാണ്.***

*Printed by Latin Archdiocese of Trivandrum at Jeeva Jyothi Offset Press, Tvm. Ph:0471-2311620*

ജ്ഞാനസ്നാനത്തിലൂടെ സത്യവിശ്വാസം സ്വീകരിക്കുവാൻ ഭാഗ്യം ലഭിച്ച എല്ലാ വിശ്വാസികളും ഈ വിശ്വാസം സാദ്ധ്യമായ രീതികളിലെല്ലാം മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനുള്ള അവരുടെ കടമയെക്കുറിച്ചാണ് ഈ ചാക്രികലേഖനത്തിൽ പാപ്പാ ഊന്നിപ്പറയുന്നത്. അന്ന് കൊളോണിയലിസത്തിന്റെ തേർവാഴ്ചകളിൽ തമസ്കരിക്കപ്പെട്ട ദൈവവിശ്വാസവും മാനവികതയും സുവിശേഷ വെളിച്ചത്തിൽ പുനഃസ്ഥാപിക്കുവാൻ ബനഡിക്ട് 15-ാമൻ പാപ്പയുടെ ചാക്രികലേഖനം ഏറെ ഉപകരിച്ചു.

ഇന്നത്തെ സഭയ്ക്കും ഇതുപോലെ ശാസ്ത്ര സാങ്കേതിക വിദ്യകളുടെയും വാർത്താ മാധ്യമങ്ങളുടെയും അതിപ്രസരത്തിൽ നിന്നും ദുർവിനിയോഗത്തിൽനിന്നും ഒരു ഉയിർത്തെഴുന്നേല്പ് ആവശ്യമെന്ന് ഫ്രാൻസിസ് പാപ്പാ കരുതുന്നു. ഇതിനുള്ള ഒരു അവസരമായിട്ടാണ് ഈ ഒക്ടോബർ മാസത്തെ അസാധാരണ പ്രേഷിതമാസമായി അദ്ദേഹം പ്രഖ്യാപിച്ചിരിക്കുന്നത്. തിരുവചനങ്ങളുടെയും സഭാപഠനങ്ങളുടെയും വെളിച്ചത്തിൽ പ്രേഷിതപ്രവർത്തനങ്ങളുടെ പ്രസക്തിയും പ്രാധാന്യവും എടുത്തുകാണിക്കുന്ന ചില വസ്തുതകളാണ് ആദ്യമായി നമ്മുടെ വിചിന്തനത്തിന് വിഷയമാക്കേണ്ടിയിരിക്കുന്നത്.

"ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ" (മത്താ 28:19-20) എന്ന യേശുക്രിസ്തുവിന്റെ ആഹ്വാനമാണ് സഭയുടെ പ്രേഷിതദൗത്യത്തിന് അടിസ്ഥാനം. ക്രിസ്തു തന്റെ സഭയെ ഏല്പിച്ച ഈ ദൗത്യം ക്രിസ്തുവിന്റെതന്നെ ദൗത്യത്തിന്റെ തുടർച്ചയാണ്. "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ 20:21) എന്നാണ് യേശു തന്റെ ശിഷ്യരോടു പറഞ്ഞത്.

ദിവ്യഗുരുവിന്റെ ആഹ്വാനം സ്വീകരിച്ച അപ്പോസ്തോലൻമാരും ഇതര ശിഷ്യരും അന്ന് അറിയപ്പെട്ടിരുന്ന ലോകത്തിലെല്ലായിടത്തും ആ സ്നേഹസന്ദേശം എത്തിക്കാൻ ത്യാഗപൂർവ്വം കടന്നുചെന്നു. എന്നാൽ പ്രേഷിതപ്രവർത്തനം അക്കാലത്തും എളുപ്പമായിരുന്നില്ലെന്ന് ചരിത്രം സാക്ഷ്യം നല്കുന്നു. ക്രിസ്തുശിഷ്യർ ധാരാളം എതിർപ്പുകൾ നേരിടുകയും മർദ്ദനങ്ങളും പീഡനങ്ങളും സഹിക്കുകയും അനേകർ ജീവൻതന്നെ ബലിയായി അർപ്പിക്കുകയും ചെയ്തു.



ഫ്രാൻസിസ് പാപ്പ നിർദ്ദേശിക്കുന്ന ഈ പ്രേഷിത ചൈതന്യം ഏറെ സഹായിക്കും.

III. പതിവുപോലെ കഴിഞ്ഞകൊല്ലം (2018) വിവിധ ആവശ്യങ്ങൾക്കായി നിങ്ങളിൽനിന്നും പിരിഞ്ഞുകിട്ടിയ മൊത്തം തുകയും വരവു ചെലവു കണക്കുകളുടെ സംക്ഷിപ്ത രൂപവും നിങ്ങളുടെ അറിവിലേയ്ക്കായി ഇതോടൊപ്പം ചേർക്കുന്നു.

കഴിഞ്ഞകൊല്ലം മൊത്തത്തിൽ നമ്മുടെ അതിരൂപതയിൽ നിന്നും സമാഹരിക്കാൻ സാധിച്ചത് ഒരു കോടി മുപ്പത്തിയാറു ലക്ഷത്തി അറുപത്തിരണ്ടായിരത്തി തൊള്ളായിരത്തി ഇരുപത്തിമൂന്ന് (1,36,62,923/-) രൂപയാണ്.

| **മൊത്തത്തിൽ കൂടുതൽ സംഭാവന നല്കിയ ഇടവകകൾ** | | **ആളോഹരി ക്രമത്തിൽ കൂടുതൽ സംഭാവനകൾ നല്കിയ ഇടവകകൾ** | |
|---|---|---|---|
| 1. പാളയം | - 10,00,000/ | 1. മംഗലപുരം | - 364/ |
| 2.പുത്തൻത്തോപ്പ് | - 5,95,000/ | 2. മണക്കാട് | - 331/ |
| 3. വെട്ടുകാട് | - 4,96,400/ | 3. ശ്രീകാര്യം | - 209/ |
| 4. പുതിയതുറ | - 4,10,194/ | 4. ഞാണ്ടൂർകോണം | - 236/ |
| 5. വിഴിഞ്ഞം | - 3,74,911/ | 5. ആവുക്കുളം | - 209/ |
| 6. പുല്ലുവിള | - 3,56,221/ | 6. വർക്കല | - 198/ |
| 7. അഞ്ചുതെങ്ങ് | - 3,25,751/ | 7. നന്തൻകോട് | - 183/ |
| 8. ചിന്നത്തുറ | - 3,20,000/ | 8. പുത്തൻതോപ്പ് | - 176/ |
| 9. മര്യനാട് | - 3,17,402 | 9. പാളയം | - 171/ |
| 10. പൂന്തുറ | - 3,10,210/ | 10. കിള്ളിപ്പാലം | - 154/ |

15 സ്ഥാപനങ്ങളും 413സന്യാസ ഭവനങ്ങളും അവരവരുടേതായ സംഭാവനകൾ നല്കിയിട്ടുണ്ട്. ഒരു ലക്ഷത്തി ഇരുപത്തിനാലായിരം രൂപ (1,24,000/) നല്കിയ ലൂർദ്ദുപുരം സെന്റ് ഹെലൻസ് സ്കൂളും ഒരു ലക്ഷത്തി പതിനായിരം രൂപ (1,10,000/) നല്കിയ സി.സി.ആർ. ജനറലേറ്റും ഒരുലക്ഷത്തി ഒന്ന് രൂപ (1,00,001) നല്കിയ ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റലുമാണ് മുൻനിരയിൽ നില്ക്കുന്നത്.

സമയം) പ്രാർഥനയും കുടുംബബന്ധങ്ങളും ആഴമാക്കുന്ന മാദ്ധ്യമ വിമുക്ത മണിക്കൂറായി ആചരിക്കണം.

- അല്പം ത്യാഗം സഹിച്ചായാലും സാധ്യമായ രീതിയിൽ കുടുംബാംഗങ്ങളെല്ലാം ഈ മാസത്തിലെ ഓരോ ദിവസവും ദിവ്യബലിയിൽ സംബന്ധിച്ച് പ്രേഷിതപ്രവർത്തനങ്ങളുടെ വിജയത്തിനായി പ്രാർഥിക്കണം.

### *3. ഫെറോനാതലം:*

- പ്രേഷിത തീക്ഷ്ണത ഒന്നുകൂടി ആഴമാക്കുവാനായി വൈദികർക്കും സന്യസ്തർക്കും തിരുവചനങ്ങളെയും സഭാപ്രബോധനങ്ങളെയും ആസ്പദമാക്കി പഠനശിബിരങ്ങളും ചർച്ചാക്ലാസ്സുകളും സംഘടിപ്പിക്കുക.
- പ്രാദേശികമായി നടത്താവുന്ന മിഷൻപ്രവർത്തനങ്ങളെക്കുറിച്ചുള്ള പഠനവും ചർച്ചയും പ്രത്യേകിച്ചും യുവജനങ്ങൾക്കും കുട്ടികൾക്കുമായി സംഘടിപ്പിക്കുക.
- അതിരൂപതയ്ക്കുള്ളിലും പുറത്തുമുള്ള മിഷൻമേഖലകൾ സന്ദർശിച്ച് പ്രേഷിതപ്രവർത്തനം ആഴമാക്കാനും പ്രേഷിതപ്രവർത്തകരെ വാർത്തെടുക്കുവാനുമുള്ള കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

### *4. അതിരൂപതാതലം:*

- ഇടവക-ഫെറോനതലങ്ങളിൽ ആസൂത്രണംചെയ്യുന്ന കർമ്മപരിപാടികളെ പ്രോത്സാഹിപ്പിക്കുകയും അവയ്ക്കാവശ്യമായ എല്ലാവിധ മാർഗ്ഗനിർദ്ദേശങ്ങളും നല്കുക.
- മരിയസൈന്യത്തിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർമാസം അവസാന ഞായറാഴ്ച നടത്താറുള്ള ജപമാല റാലി, അവരുമായി സഹകരിച്ച് എല്ലാ ഇടവകകളിലെയും വിശ്വാസികൾ പങ്കെടുക്കുകയും വിശ്വാസത്തിന് ശക്തമായ സാക്ഷ്യം വഹിക്കുകയും ചെയ്യുന്ന പ്രേഷിത റാലിയായി രൂപാന്തരപ്പെടുത്തുക.

അസാധാരണ മാസാചരണത്തെക്കുറിച്ച് വിവിധതലങ്ങളിൽ നാം നടപ്പിലാക്കാൻപോകുന്ന ഈ കർമ്മപരിപാടികളെല്ലാം ഒരു തുടക്കംമാത്രമേ ആകുന്നുള്ളൂ. ഇതിന്റെ ചുവടുപിടിച്ചുകൊണ്ട് നാംതന്നെ മുന്നോട്ടുവച്ച മറ്റു കർമ്മപരിപാടികളും തുടർന്നുകൊണ്ടുപോകുവാൻ ശ്രമിക്കണം. പ്രത്യേകിച്ച് ഇന്നത്തെ സാഹചര്യങ്ങളിൽ നിരന്തരമായ നവീകരണപ്രവർത്തനങ്ങളിലൂടെ സഭയെ വിശുദ്ധീകരിക്കാൻ



പ്രഥമ പ്രേഷിതരായ അപ്പോസ്തലന്മാരുടെ പിൻഗാമികളായ സഭാദ്ധ്യക്ഷന്മാരോടു ചേർന്ന് ദൈവജനം മുഴുവനിലൂടെയുമാണ് പ്രേഷിതദൗത്യം സഭയിൽ നിർവഹിക്കപ്പെടുന്നത്. പരിശുദ്ധ പിതാക്കന്മാർ കാലാകാലങ്ങളിൽ തങ്ങളുടെ പ്രബോധനങ്ങൾ വഴി അജഗണങ്ങളെ ഇക്കാര്യം അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഒമ്പതാം പീയൂസ് പാപ്പാ പറയുന്നതുപോലെ, “എല്ലാ കത്തോലിക്കാ പ്രവർത്തനങ്ങളിലും വച്ച് ഏറ്റം മഹത്തും പരിശുദ്ധവുമായത് മിഷനറി പ്രവർത്തനങ്ങളാണ്. ഓരോ വിശ്വാസിക്കും താൻ സ്വീകരിച്ച വിശ്വാസം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ കടമയുണ്ട്.” രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ വൈദികർക്കായുള്ള രേഖയും ഇക്കാര്യം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്: “മുഴുവൻ ശരീരത്തിന്റെയും ദൗത്യത്തിൽ പങ്കുവഹിക്കാത്ത ഒരു അവയവവുമില്ല. പ്രത്യുത, ഓരോ അംഗവും സ്വഹൃദയത്തിൽ യേശുവിനെ വാഴ്ത്താനും പ്രവചനത്തിന്റെ ആത്മാവാൽ അവിടത്തേക്ക് സാക്ഷ്യം വഹിക്കാനും കടപ്പെട്ടിരിക്കുന്നു” (PO 2).

“സുവിശേഷത്തിന്റെ ആനന്ദം” എന്ന അപ്പോസ്തോലികാഹ്വാനത്തിൽ ഫ്രാൻസിസ് പാപ്പായും ഇക്കാര്യം ഓർമ്മിപ്പിക്കുന്നുണ്ട്: “സുവിശേഷം സ്വീകരിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. ആരെയും ഒഴിവാക്കാതെ സുവിശേഷം പ്രഘോഷിക്കാൻ ക്രൈസ്തവർക്കു കടമയുണ്ട്” (EG 14). അതുകൊണ്ട്, “നമുക്ക് നിസ്സംഗതയോടെ പള്ളിക്കെട്ടിടങ്ങളിൽ സ്വസ്ഥമായി കാത്തിരിക്കാൻ പാടില്ല” (EG 15). നവസുവിശേഷവത്കരണത്തിന്റെ മൂന്നു സുപ്രധാന മേഖലകളെക്കുറിച്ചും ഫ്രാൻസിസ് പാപ്പാ ഈ പ്രബോധനത്തിൽ ഓർമ്മിപ്പിക്കുന്നുണ്ട്:

(1). സാധാരണ അജപാലനശുശ്രൂഷയുടെ മണ്ഡലം. ഇത് ആരാധനാസമൂഹത്തിൽ സ്ഥിരം പങ്കെടുക്കുന്നവരും കർത്താവിന്റെ വചനത്താലും നിത്യജീവന്റെ അപ്പത്താലും പോഷിപ്പിക്കപ്പെടാനായി ഞായറാഴ്ചകളിൽ ഒന്നിച്ചുകൂടുന്നവരുമായ വിശ്വാസികൾക്കുവേണ്ടിയുള്ളതാണത്.

(2). മാമ്മോദീസ സ്വീകരിച്ചവരും എന്നാൽ തദനുസൃതം ജീവിക്കാത്തവരുമായ വ്യക്തികൾക്കുവേണ്ടിയുള്ള ശുശ്രൂഷ. അവർക്ക് സഭയുമായി ഹൃദ്യമായ ബന്ധമൊന്നുമില്ല. വിശ്വാസത്തിന്റെ ആനന്ദവും സുവിശേഷത്തോടുള്ള പ്രതിജ്ഞാബദ്ധതയുള്ളവരാകാനുള്ള ആഗ്രഹവും ജനിപ്പിക്കുന്ന മാനസാന്തരം ഇക്കൂട്ടരിൽ ഉണ്ടാകാൻവേണ്ടിയുള്ള പ്രേഷിത പ്രവർത്തനമാണിത്.

(3). യേശുക്രിസ്തുവിനെ ഇതുവരെ അറിഞ്ഞിട്ടില്ലാത്തവരുടെ ഇട യിലുള്ള ശുശ്രൂഷ. യേശുക്രിസ്തുവിനെ അറിഞ്ഞിട്ടും അവിടുത്തെ ഉപേക്ഷിച്ചു ജീവിക്കുന്നവർക്കുവേണ്ടിയുള്ള സുവിശേഷപ്രഘോഷ ണവും ഇതിൽപ്പെടുന്നു. ഇവർക്കുവേണ്ടിയുള്ള പ്രഘോഷണമാണ് പ്രഥമവും പ്രധാനവുമായുള്ള സുവിശേഷവത്കരണം.

"ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ" എന്ന രേഖയിൽ അസാധാരണ പ്രേഷിത മാസത്തിൽ നാം മുൻതൂക്കം നല്കണമെന്ന് ഫ്രാൻസിസ് പാപ്പാ ആവശ്യപ്പെടുന്ന നാല് പ്രായോഗിക നിർദ്ദേശങ്ങ ളിവയാണ്:

1. വിശുദ്ധ കുർബാന, ദൈവവചനം, വ്യക്തിപരവും സമൂഹപരവു മായ പ്രർത്ഥനകൾ എന്നിവയിലൂടെ സഭയിൽ ഇന്നും ജീവിക്കുന്ന ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധത്തിലുള്ള ജീവിതം.

2. പ്രേഷിതരായ വിശുദ്ധരുടെയും രക്തസാക്ഷികളുടെയും വിശ്വാസ പ്രഘോഷകരുടെയും ലോകമാസകലമുള്ള സാക്ഷ്യങ്ങൾ മാതൃക യാക്കിക്കൊണ്ടുള്ള ക്രൈസ്തവജീവിതസാക്ഷ്യം.

3. വിശുദ്ധഗ്രന്ഥം, മതബോധനം, ആദ്ധ്യാത്മികശാസ്ത്രം, ദൈവ ശാസ്ത്രം തുടങ്ങിയവയിൽ അധിഷ്ഠിതമായ വൈദിക-സ ന്ന്യസ്ത-അല്മായ മേഖലകളിലുള്ള പ്രേഷിത രൂപീകരണം.

4. ദരിദ്രരോടും വിലപിക്കുന്നവരോടും പക്ഷം ചേർന്നുകൊണ്ട് ക്രിസ്തുസ്നേഹം പ്രകടമാക്കുന്ന നിസ്വാർത്ഥമായ പ്രേഷിത സ്നേഹവും പരിചരണവും.

2019 ഒക്ടോബർമാസം അസാധാരണ പ്രേഷിതമാസമായി ആചരിക്കുവാനുള്ള ഫ്രാൻസിസ് പാപ്പയുടെ ആഹ്വാനത്തോട് ആത്മാർത്ഥമായി സഹകരിക്കണമെന്ന് ഞാൻ നിങ്ങളേവരോടും ആഭ്യർത്ഥിക്കുന്നു. 1893-ൽ ലെയോ 13-ാമൻ പാപ്പാ പറഞ്ഞു: "ഭാരത മേ, നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ." അരനൂറ്റാണ്ടു കഴിഞ്ഞപ്പോൾ ഇന്ത്യ വിദേശാധിപത്യത്തിൽനിന്ന് സ്വതന്ത്രയായി. ക്രമേണ വിദേശ മിഷനറിമാരുടെ ഇന്ത്യയിലേക്കുള്ള പ്രവാഹവും തടസ്സപ്പെട്ടു. ഭാരതം മുഴുവന്റെയും സുവിശേഷവത്ക്കരണം ഇന്ന് ഭാരതത്തിന്റെ സന്താന ങ്ങളായ ഓരോ വിശ്വാസിയുടെയും കടമയാണ്. മിഷനറിമാരുടെ പ്രേഷി തചൈതന്യം നമ്മളും ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. അസാധാരണ പ്രേഷിതമാസത്തിൽ ഈ പ്രേഷിതചൈതന്യം നാമോരോരുത്തരിലും ഒന്നുകൂടി ആഴമാക്കാൻ നമുക്കു പരിശ്രമിക്കാം.

II. പ്രേഷിതമാസം കാര്യക്ഷമമാക്കാനുതകുന്ന കർമ്മപരിപാടികളെ



ക്കുറിച്ച് ഉത്തരവാദിത്വപ്പെട്ട എല്ലാവരുടെയും അഭിപ്രായങ്ങൾ ആരാ യുകയുണ്ടായി. കഴിഞ്ഞ അജപാലന സമിതിയിൽ സമർപ്പിച്ച ഈ നിർദ്ദേശങ്ങളുടെ പൂർണ്ണരൂപം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽകൊണ്ടു വരുന്നുണ്ട്. ഓരോ ഫെറോനയുടെയും പ്രത്യേക സാഹചര്യങ്ങൾക്ക നുസരിച്ച് കർമ്മപരിപാടികൾ ആവിഷ്ക്കരിക്കാവുന്നതാണ്. ഇടവക, കുടുംബം, ഫെറോന അതിരൂപതാതലങ്ങളിൽ നടപ്പിലാക്കേണ്ട ചില പ്രധാന കാര്യങ്ങൾ മാത്രമാണ് ഈ ഇടയലേഖനത്തിൽ സൂചിപ്പിക്കു ന്നത്:

***1. ഇടവകതലം***

- സെപ്റ്റംബർമാസം 22-ാം തീയതി ഞായറാഴ്ച ഇടവക വികാ രിമാർ അസാധാരണ പ്രേഷിതമാസത്തെക്കുറിച്ചുള്ള ഈ ഇടയലേ ഖനം വായിച്ച് വിശദീകരിക്കണം.
- സെപ്തംബർമാസം 29-ാം തീയതി ഞായറാഴ്ച പ്രത്യേക ദിവ്യബലിയോടനുബന്ധിച്ച് പ്രേഷിത പതാക ഉയർത്തുകയും പ്രേ ഷിത ലോഗോ പ്രദർശിപ്പിക്കുകയും ചെയ്തുകൊണ്ട് അസാധാരണ പ്രേഷിതമാസ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കണം.
- അന്നുതന്നെ ഉച്ചയ്ക്കുശേഷം യൂണിറ്റ് ഭാരവാഹികൾക്കും ശുശ്രൂഷാതല പ്രവർത്തകർക്കും പ്രേഷിതപ്രവർത്തനങ്ങളുടെ പ്രാധാ ന്യത്തെക്കുറിച്ച് സെമിനാറുകൾ സംഘടിപ്പിക്കേണ്ടതാണ്. ഓരോ വിശ്വാ സിയും മിഷണറിയാകാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന അവബോധം എല്ലാവരിലും സൃഷ്ടിക്കുകയാണ് ഈ പഠനങ്ങളുടെയെല്ലാം ഉദ്ദേശം.
- ഒരു മിഷൻ ടീം രൂപീകരിച്ച് ഈ മാസം മുഴുവനും മിഷൻ ചൈതന്യം കുടുംബയൂണിറ്റുകളിൽ സജീവമാക്കാനുതകുന്ന പരിപാ ടികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കണം.
- ആതുരാലയങ്ങൾ, വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ തുട ങ്ങിയവയിൽ മിഷൻ ചൈതന്യത്തോടെ ജീവകാരുണ്യപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കണം.
- നമ്മുടെ ഇടവകകളിലും സന്യാസഭവനങ്ങളിലും സ്ഥാപന ങ്ങളിലും മിഷൻ ഞായറിലെ വിഭവ സമാഹരണം കൂടുതൽ ക്രിയാത്മ കമായും കാര്യക്ഷമമായും നടത്തുക.

***2. കുടുംബതലം:***

- അതിരൂപതയിലെ എല്ലാ കുടുംബങ്ങളും ഓരോ ദിവസവും ഒരു മണിക്കൂർസമയം (വൈകുന്നേരം 7 മുതൽ 8 മണിവരെയുള്ള